REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 28-01-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- ഇന്ത്യയുടെ ദിശാനിർണയ ഉപഗ്രഹം NVS - 02 നാളെ രാവിലെ വിക്ഷേപിക്കും.
- വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട ആദ്യ രാജ്യാന്തര കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും.
- വയനാട്ടിലെ മൂന്ന് വനം ഡിവിഷനുകളിൽ മൂന്ന് ദിവസത്തെ ജനകീയ പരിശോധന രാവിലെ തുടങ്ങും.
- 38-ാമത് ദേശീയ ഗെയിംസിന് ഉത്തരാഖണ്ഡിൽ ഇന്ന് തുടക്കമാകും.
- ഇന്ത്യ- ഇംഗ്ലണ്ട് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം വൈകിട്ട് രാജ്കോട്ടിൽ.

## വാർത്തകൾ വിശദമായി

**ഇന്ത്യയുടെ ദിശാനിർണയ ഉപഗ്രഹമായ NVS - 02 നാളെ വിക്ഷേപിക്കും. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ വിക്ഷേപണ കേന്ദ്രത്തിലെ രണ്ടാമത്തെ ലോഞ്ച്പാഡിൽ നിന്ന് രാവിലെ 6.23 നാണ് വിക്ഷേപണം. GSLV എഫ് -15 റോക്കറ്റാണ് NVS 02 നെ ബഹിരാകാശത്തേക്ക് എത്തിക്കുന്നത്. സതീഷ് ധവാൻ റോക്കറ്റ് വിക്ഷേപണ കേന്ദ്രത്തിലെ നൂറാമത്തെ വിക്ഷേപണമാണിത്.**

**ഡെസ്ക്ക് റിപ്പോർട്ട്**

**.....(വോയ്സ്)...**

**ഇന്ത്യയുടെ സ്വതന്ത്ര പ്രാദേശിക നാവിഗേഷൻ ഉപഗ്രഹ സംവിധാനമാണ് നാവിഗേഷൻ വിത്ത് ഇന്ത്യൻ കോൺസ്റ്റലേഷൻ അഥവാ നാവിക്. രാജ്യത്തെ ഉപയോക്താക്കൾക്ക് കൃത്യമായ സ്ഥാനം, വേഗം, സമയക്രമം എന്നിവ**

**നൽകാൻ ലക്ഷ്യമിട്ട് രൂപകൽപന ചെയ്ത ഉപഗ്രഹത്തിന് ഇന്ത്യൻ ഭൂപ്രദേശത്തിന് അപ്പുറത്തേക്ക് ഏകദേശം 1,500 കിലോമീറ്റർ മേഖലയിലും സേവനം ലഭ്യമാക്കാനാകും.**

**2019 ൽ വിക്ഷേപിച്ച IRNSS.1E ഉപഗ്രഹത്തിന് പകരമായാണ് ഇപ്പോൾ രണ്ടാം തലമുറയിലെ അത്യാധുനിക ഉപഗ്രഹമായ NVS 02 അയക്കുന്നത്. 2023 മെയ് 29 ന് NVS-01 ഉപഗ്രഹം വിക്ഷേപിച്ചിരുന്നു.**

✪✪✪

**വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട ആദ്യ രാജ്യാന്തര കോൺക്ലേവ് ഇന്ന് തിരുവനന്തപുരത്ത് ആരംഭിക്കും. രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ രണ്ടു ദിവസത്തെ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും. വിഴിഞ്ഞത്തിന്റെ ആഗോള ബിസിനിസ് സാധ്യതകൾ, ഷിപ്പിങ് ലോജിസ്റ്റിക് മേഖലയിലെ പുതിയ വിതരണശൃംഖലകളുടെ സാധ്യത തുടങ്ങിയ വിഷയങ്ങളിൽ കോൺക്ലേവ് ചർച്ച നടത്തും.**

✪✪✪

**ഭുവനേശ്വറിൽ 'ഉത്കർഷ് ഒഡീഷ, മേക്ക് ഇൻ ഒഡീഷ' ഉച്ചകോടി രാവിലെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. ഒഡീഷയെ രാജ്യത്തെ പ്രമുഖ നിക്ഷേപ കേന്ദ്രമായും വ്യാവസായിക കേന്ദ്രമായും മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഒഡീഷ ഗവൺമെന്റ് നിക്ഷേപക ഉച്ചകോടി സംഘടിപ്പിക്കുന്നത്.**

✪✪✪

**ഇന്ന് വിവര സ്വകാര്യതാ ദിനം. സൈബറാക്രമണങ്ങൾ വർധിച്ച സാഹചര്യത്തിൽ വിവരങ്ങളുടെ സ്വകാര്യതാ അവകാശങ്ങളെക്കുറിച്ച് അവബോധം വളർത്താനും വ്യക്തിഗത വിവരങ്ങൾ സുരക്ഷിതമാക്കുന്നതിനുമായാണ് എല്ലാവർഷവും ജനുവരി 28-ന് വിവര സ്വകാര്യതാ ദിനമായി ആചരിക്കുന്നത്. സ്വന്തം വിവരങ്ങളുടെ നിയന്ത്രണം സ്വയം ഏറ്റെടുക്കുകയെന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.**

✪✪✪

**ഓഹരി വ്യാപാര സ്ഥാപനങ്ങളുടെ പേരിൽ ഉണ്ടാകുന്ന നിക്ഷേപക തട്ടിപ്പിനെതിരെ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന പൊലീസ് മീഡിയാ സെന്റർ പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകി. വൻലാഭം വാഗ്ദാനം ചെയ്ത് സമൂഹ മാധ്യമങ്ങളിലൂടെ നിരവധി വ്യാജ പരസ്യങ്ങൾ പ്രചരിക്കുന്നുണ്ട്. നിർമ്മിതബുദ്ധി ഉപയോഗിച്ച് പ്രമുഖരുടെ വ്യാജ വീഡിയോകൾ നിർമ്മിച്ച് പ്രചരിപ്പിച്ചാണ് ഇത്തരക്കാർ ജനങ്ങളെ കബളിപ്പിക്കുന്നത്. ഇത്തരം പരസ്യങ്ങൾ ശ്രദ്ധയിൽപ്പെടുകയോ, തട്ടിപ്പിന് ഇരയാവുകയോ ചെയ്താൽ ഒരു മണിക്കൂറിനകം തന്നെ 1930 എന്ന**

നമ്പറിലോ, www.cybercrime.gov.in എന്ന വെബ്സൈറ്റിലോ വിവരം നൽകാവുന്നതാണ്.

✪✪✪

റേഷൻകടകൾ വഴി അവശ്യ സാധനങ്ങൾ ജനങ്ങൾക്ക് ലഭ്യമാകാത്തതിൽ പ്രതിഷേധിച്ച് കോൺഗ്രസ് മണ്ഡലം കമ്മിറ്റികളുടെ നേതൃത്വത്തിൽ ഇന്ന് റേഷൻ കടകൾക്ക് മുന്നിൽ ധർണ്ണ നടത്തുമെന്ന് KPCC സംഘടനാ ജനറൽ സെക്രട്ടറി M.ലിജു അറിയിച്ചു. രാവിലെ KPCC പ്രസിഡന്റ് K.സുധാകരൻ തിരുവനന്തപുരം പൂന്തുറയിൽ പ്രതിഷേധ ധർണ ഉദ്ഘാടനം ചെയ്യും.

✪✪✪

വന്യമൃഗ ശല്യം രൂക്ഷമായ വയനാട്ടിലെ മൂന്ന് വനം ഡിവിഷനുകളിലെ ആറ് റെയ്ഞ്ചുകളിലും വ്യാഴാഴ്ച വരെ ജനകീയ പരിശോധന നടത്തും. പെരുന്തട്ട, പുൽപ്പള്ളി, പഞ്ചാരക്കൊല്ലി മേഖലകളിൽ ഡ്രോൺ ഉപയോഗിച്ചും തിരച്ചിൽ നടത്തും.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

......(വോയ്സ്)....

വയനാട്ടിലെ മനുഷ്യ- വന്യജീവി സംഘർഷം വലിയതോതിൽ വർദ്ധിച്ച സാഹചര്യത്തിലാണ് ജനകീയ പരിശോധന. കഴിഞ്ഞ വെള്ളിയാഴ്ച കടുവയാക്രമണത്തിൽ പഞ്ചാരക്കൊല്ലിയിലെ രാധ മരണപ്പെട്ടു. മേഖലയിൽ പലയിടത്തും വന്യമൃഗങ്ങളുടെ സാന്നിധ്യമുണ്ടെന്ന ജനങ്ങളുടെ പരാതിയുടെ സാഹചര്യത്തിലാണ് പരിശോധനയെന്ന് മന്ത്രി AK ശശീന്ദ്രൻ അറിയിച്ചു.

ആവശ്യമെങ്കിൽ പരിശോധനയ്ക്ക് പൊലീസ് സേനയുടെ സഹായവും തേടും. വനത്തിലെ അടിക്കാടുകൾ നീക്കം ചെയ്യാൻ നടപടിയെടുക്കുമെന്നും, വനാതിർത്തിക്കു പുറത്തെ കാടുകൾ നീക്കം ചെയ്യാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകുമെന്നും മന്ത്രി അറിയിച്ചു .

✪✪✪

പരിഷ്കരിച്ച പാഠ പുസ്തകങ്ങൾക്ക് തിരുവനന്തപുരത്ത് ചേർന്ന കരിക്കുലം കമ്മറ്റി യോഗം അംഗീകാരം നൽകി. എല്ലാവർഷവും പാഠപുസ്തകം പുതുക്കുന്ന കാര്യം പരിഗണനയിലാണെന്ന് യോഗത്തിൽ മന്ത്രി V ശിവൻകുട്ടി അറിയിച്ചു.

2, 4, 6, 8 ക്ലാസുകളിലെ 128 ടൈറ്റിൽ മലയാളം , ഇംഗ്ലീഷ്, തമിഴ് ,കന്നഡ മീഡിയം പുസ്തകങ്ങളാണ് അംഗീകരിച്ചത്. എല്ലാ പാഠപുസ്തകങ്ങളും അച്ചടി പൂർത്തിയാക്കി മെയ് മാസത്തോടെ കുട്ടികൾക്ക് നൽകുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

വ്യാജ സൗന്ദര്യ വർദ്ധക ഉത്പന്നങ്ങൾ വിപണിയിലെത്തുന്നുണ്ടോ എന്ന് പരിശോധിക്കാൻ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ 'ഓപ്പറേഷൻ സൗന്ദര്യ' മൂന്നാം ഘട്ടം ഉടൻ ആരംഭിക്കുമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. ഓപ്പറേഷൻ സൗന്ദര്യ-യുടെ ആദ്യ രണ്ട് ഘട്ടങ്ങളിൽ സൗന്ദര്യ വർദ്ധക ഉത്പന്നങ്ങളിൽ ശരീരത്തിന് ഹാനികരമായ അളവിൽ രാസവസ്തുക്കൾ ചേർത്തിട്ടുണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് നടപടി.

ഓപ്പറേഷൻ സൗന്ദര്യയിലൂടെ 2023 മുതൽ നടത്തിയ പരിശോധനയിൽ ഏഴ് ലക്ഷത്തിൽപ്പരം രൂപയുടെ നിലവാരമില്ലാത്തതും ഹാനികരവുമായ ഉത്പന്നങ്ങൾ പിടിച്ചെടുത്ത് 33 സ്ഥാപനങ്ങൾക്കെതിരെ കേസെടുത്തിരുന്നു.

✪✪✪

കൃഷി വകുപ്പിനെ ആശ്രയിക്കുന്ന പൊതുജനങ്ങൾക്ക് ഉദ്യോഗസ്ഥർ മാന്യമായ പെരുമാറ്റവും പരിഗണനയും ഉറപ്പുവരുത്തണമെന്നാവശ്യപ്പെട്ട് കൃഷിവകുപ്പ് പ്രത്യേക സർക്കുലർ പുറപ്പെടുവിച്ചു. കാർഷിക സംബന്ധമായ വിഷയങ്ങളിൽ പൊതു സേവകർ എന്ന നിലയിൽ മാന്യമായ പരിഗണനയും, സമയബന്ധിതമായ പ്രശ്നപരിഹാരവും ഉദ്യോഗസ്ഥരുടെ കടമയാണെന്ന് സർക്കുലറിൽ പറയുന്നു.

✪✪✪

38-ാമത് ദേശീയ ഗെയിംസിന് ഇന്ന് ഉത്തരാഖണ്ഡിൽ തുടക്കമാകും. ഡെറാഡൂണിലെ മഹാറാണാപ്രതാപ് സ്റ്റേഡിയത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. കേന്ദ്രമന്ത്രിമാരും ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രതിനിധികളും ദേശീയ താരങ്ങളുമടക്കം പ്രമുഖർ പങ്കെടുക്കും.

ബാസ്കറ്റ് ബോൾ, വോളി ബോൾ, ബീച്ച് ഹാൻഡ്ബോൾ, ഖോ ഖോ തുടങ്ങിയ ഇനങ്ങളിൽ കേരളത്തിൽ നിന്ന് 451 താരങ്ങൾ പങ്കെടുക്കുന്നുണ്ട്. ഉത്തരാഖണ്ഡിലെ എട്ടു ജില്ലകളിൽ 11 നഗരങ്ങളിലായാണ് മത്സരങ്ങൾ. ഗെയിംസ് ഫെബ്രുവരി 14ന് സമാപിക്കും.

✪✪✪

ഇന്ത്യ- ഇംഗ്ലണ്ട് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം വൈകിട്ട് ഏഴിന് രാജ്കോട്ടിലെ നിരഞ്ജൻഷാ സ്റ്റേഡിയത്തിൽ തുടങ്ങും. സൂര്യകുമാർ യാദവ് നയിക്കുന്ന ടീം ഇന്ത്യ രണ്ടു മത്സരം ജയിച്ച് മുന്നിട്ടു നിൽക്കുകയാണ്.

✪✪✪

അണ്ടർ 19 വനിതാ ടി20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ സെമിയിൽ കടന്നു. സൂപ്പർ സിക്സിൽ ബംഗ്ലാദേശിനെ എട്ടു വിക്കറ്റിന് അവർ തകർത്തു.

സൂപ്പർ സിക്സിലെ അവസാന മത്സരത്തിൽ ഇന്ത്യ ഇന്ന് സ്കോട്ട്ലാന്റിനെ നേരിടും. ക്വാലാലംപൂരിൽ ഇന്ത്യൻ സമയം ഉച്ചക്ക് 12നാണ് മത്സരം.

✪✪✪

പുരാവസ്തു വകുപ്പിന്റെ കാസർഗോഡ് കുമ്പള ആരിക്കാടി കോട്ടയിൽ നിധി കുഴിച്ചെടുക്കാൻ എത്തിയ അഞ്ചംഗ സംഘത്തെ പോലീസ് പിടികൂടി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർകോട് പ്രതിനിധി P. ജഗന്നിവാസൻ.

.....(AUDIO).......

✪✪✪

വിദ്യാർത്ഥി സംഘർഷത്തെ തുടർന്ന് മാള ഹോളി ഗ്രേസ് കോളജിൽ കാലിക്കറ്റ് സർവ്വകലാശാല D സോൺ കലോത്സവം നിർത്തിവെച്ചു. KSU-SFI പ്രവർത്തകർ തമ്മിലാണ് ഏറ്റുമുട്ടിയത്. സ്കിറ്റ് മത്സരത്തിന് പിന്നാലെയാണ് സംഘർഷമുണ്ടായത്. പൊലീസെത്തി ലാത്തിവീശി വിദ്യാർത്ഥികളെ പിരിച്ചുവിട്ടു.

✪✪✪

തിരൂർ തുഞ്ചൻ സ്മാരക ട്രസ്റ്റ് ചെയർമാനായി കഥാകൃത്ത് വൈശാഖനെ തിരഞ്ഞെടുത്തു. ഇന്നലെ ചേർന്ന ട്രസ്റ്റ് യോഗത്തിലായിരുന്നു തിരഞ്ഞെടുപ്പ്. കേരള സാഹിത്യ അക്കാദമി മുൻ പ്രസിഡണ്ട്, പുരോഗമന കലാസാഹിത്യ രംഗം സംസ്ഥാന പ്രസിഡണ്ട്, കുഞ്ചൻ സ്മാരക ചെയർമാൻ തുടങ്ങിയ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

✪✪✪

ഇടതുമുന്നണി ഗവൺമെന്റിന് പ്രതിപക്ഷ നേതാവ് V.D സതീശൻ സംരക്ഷണ കവചം തീർക്കുകയാണെന്ന് BJP സംസ്ഥാന വൈസ് പ്രസിഡണ്ട് ശോഭ സുരേന്ദ്രൻ കുറ്റപ്പെടുത്തി. സംസ്ഥാനത്തെ പൊതു ആരോഗ്യരംഗം ഇടതുമുന്നണി ഗവൺമെൻറ് നശിപ്പിച്ചുവെന്നും, ഡോക്ടർമാരും, നഴ്സുമാരും, മരുന്നും ഇല്ലാത്ത അവസ്ഥയാണ് പാവപ്പെട്ട രോഗികൾ നേരിടുന്നതെന്നും അവർ കൊച്ചിയിൽ പറഞ്ഞു. BJP എറണാകുളം ജില്ലാ പ്രസിഡണ്ടുമാരായി തിരഞ്ഞെടുത്തവരെ അനുമോദിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ .

✪✪✪

പ്രതിപക്ഷ നേതാവ് VD സതീശൻ നയിക്കുന്ന മലയോര സമര യാത്ര ഇന്ന് വയനാട് ജില്ലയിൽ പര്യടനം നടത്തും. വന്യമൃഗ ആക്രമണങ്ങളിൽ നിന്ന് കർഷകരെയും ജനങ്ങളെയും രക്ഷിക്കണമെന്നും, കാർഷിക മേഖലയിലെ തകർച്ചയ്ക്ക് പരിഹാരമുണ്ടാക്കണമെന്നും ആവശ്യപ്പെട്ട് ഈ മാസം 25 ന് കണ്ണൂരിലെ കരുവഞ്ചാലിൽ നിന്നാണ് യാത്ര ആരംഭിച്ചത്. ഫെബ്രുവരി അഞ്ചിന് തിരുവനന്തപുരം അമ്പൂരിയിൽ സമാപിക്കുന്ന രീതിയിലാണ് യാത്ര സംഘടിപ്പിച്ചിരിക്കുന്നത്. മാനന്തവാടി, മീനങ്ങാടി, മേപ്പാടി എന്നിവിടങ്ങളിൽ യാത്രയ്ക്ക് സ്വീകരണം ഒരുക്കിയിട്ടുണ്ട്.

✪✪✪

പ്രിയങ്കാഗാന്ധി ഇന്ന് വയനാട്ടിലെത്തും. കണ്ണൂർ വിമാനത്താവളത്തിൽ നിന്ന് മാനന്തവാടിയിലെ പഞ്ചാരക്കൊല്ലിയിൽ കടുവ ആക്രമണത്തിൽ മരിച്ച രാധയുടെ വീട്ടിലേക്ക് പ്രിയങ്ക യാത്ര തിരിക്കും. DCC ട്രഷററായിരുന്ന NM വിജയന്റെ വീടും അവർ സന്ദർശിക്കും. മേപ്പാടിയിൽ UDF മലയോര യാത്രയുടെ പൊതുയോഗത്തിൽ പങ്കെടുത്ത ശേഷം പ്രിയങ്ക ഡൽഹിയ്ക്ക് മടങ്ങും.

✪✪✪

ഹജ്ജ് തീർത്ഥാടകരിൽ നിന്ന് കരിപ്പൂർ വിമാനത്താവളത്തിൽ ഈടാക്കുന്ന ഉയർന്ന നിരക്ക് കുറയ്ക്കണമെന്ന് ആവശ്യപ്പെട്ട് പ്രിയങ്കാഗാന്ധി MP, കേന്ദ്രമന്ത്രി കിരൺ റിജുജുവിന് കത്ത് അയച്ചു. നിരക്ക് കുറയ്ക്കാത്ത പക്ഷം തീർത്ഥാടകർക്ക് എംബാർക്കേഷൻ പോയിന്റ് മാറ്റാൻ അനുവാദം നൽകണമെന്നും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

✪✪✪

കണ്ണൂർ അഗ്രി ഹോർട്ടി കൾച്ചറൽ സൊസൈറ്റിയുടെ പുഷ്പോത്സവം സമാപിച്ചു. സമാപന സമ്മേളനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു.

✪✪✪

---

*News Reader: അനിൽ ചന്ദ്രൻ*
*Casual News Readers: സയ്യിദ് അലി ശിഹാബ്, ഫസ്ന ഫാത്തിമ*
*DEO: ഷീബ*